©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
# അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2025 സെപ്റ്റംബർ 10
10th September 2025
1201 ചിങ്ങം 25
25th Chingam 1201
1947 ഭാദ്രം 19
19th Bhadra 1947

നമ്പർ
No. 3209

ഫോറം നം.16
(റൂൾ 79)

## 1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ

## 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം

KFBKKD/D-900/2024 *29-08-2025*

കോഴിക്കോട് ജില്ലയിലെ അകലാപ്പുഴ പാലം നിർമ്മാണത്തിനായി –ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ **കൊയിലാണ്ടി** താലൂക്കിലെ മൂടാടി, തുറയൂർ വില്ലേജുകളിലെ താഴെപ്പറയുന്ന സർവ്വെ നമ്പറുകളിൽപ്പെടുന്ന ഭൂമി സർവ്വെ നടത്തണമെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിരിക്കയാൽ മൂടാടി, തുറയൂർ വില്ലേജുകളിലെ താഴെപ്പറയുന്ന ദേശങ്ങളിലെ താഴെപ്പറയുന്ന സർവ്വെ നമ്പരുകളിലെ സർവ്വെ പ്രവർത്തനം വേഗം ആരംഭിക്കുന്നതാണെന്നും താഴെപ്പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന ദേശങ്ങളിലെ താഴെപ്പറയുന്ന സർവ്വെ നമ്പരുകളിലെ അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപ്പറയുന്ന ഭൂമികളുടെ ഉള്ളിലോ അഥവാ അതിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച് ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏജെൻറ് മുഖേനെയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചു കൊടുക്കുന്നതിനും അതിനോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം താഴെപ്പറയുന്ന ഭൂമിയിൽ അവകാശബന്ധമുള്ള ഏതൊരാൾക്കും സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാർക്കും;

(എ) സർവ്വേ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട അവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ, നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റു ലൈനുകളോ വെടിപ്പാക്കണമെന്നും

(ബി) കൊടിപിടിക്കുന്നവരേയും ചെയിൻമാൻമാരെയും നിയോഗിച്ച് അതത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

(സി) അനുയോജ്യമായ സർവേ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കാൻ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെകൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതാണ്.

പട്ടിക

| ജില്ല-കോഴിക്കോട്. | താലൂക്ക്-**കൊയിലാണ്ടി** |
|---|---|
| വിലേജ് | സർവ്വേ നമ്പറുകൾ |
| മൂടാടി | 2, 8, 9 |
| തുറയൂർ | 172, 173, 165, 167 |

സ്പെഷ്യൽ തഹസിൽദാർ,
എൽ.എ-കിഫ്ബി കോഴിക്കോട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.10 07:54:00 +05:30